## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ**

**ചോദ്യം നമ്പർ. 593** **28/09/2016-ൽ മറുപടിയ്ക്ക്.**

### ക്ഷീര കർഷക സംരക്ഷണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ .മോൻസ് ജോസഫ് | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ ക്ഷീര കർഷകരുടെ പെൻഷൻ 1000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; | (എ) | ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പരിഗണിയ്ക്കുന്നതാണ്. |
| (ബി) | കർഷകരുടെ മുഴുവൻ കാലികളെയും ഗോസംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യമായി ഇൻഷ്വർ ചെയ്യുന്നത് പരിഗണിക്കുമോ; | (ബി) | മിൽമയുടെ മേഖലാ യൂണിയനുകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളിലെ കർഷകരുടെ കന്നു കാലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനു വേണ്ടി കുറഞ്ഞ പ്രീമിയം നിരക്കിൽ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (സി) | ക്ഷീര കർഷകർക്ക് നൽകുന്ന മാർജിൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | ക്ഷീരകർഷകർ സംഘങ്ങളിൽ നൽകുന്ന പാലിന് ഗുണനിലവാരത്തിനനുസൃതമായുള്ള വിലയാണ് ലഭിക്കുന്നത്. പാൽ വിൽപന വില വർദ്ധിപ്പിക്കുന്നതിനോടനുബന്ധിച്ചാണ് പാൽ സംഭരണ വിലയും വർദ്ധിപ്പിക്കുന്നത്. നിലവിൽ രാജ്യത്ത് പാലിന് ഏറ്റവും കൂടുതൽ സംഭരണ വില നൽകുന്നത് കേരളത്തിലാണ്. മിൽമ സംഭരിയ്ക്കുന്ന പാലിന്റെ സംഭരണ വില നിശ്ചയിക്കുന്നത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ ഭരണസമിതി ആണ്. ക്ഷീരകർഷകർക്ക് ഉണ്ടാകുന്ന ഉല്പാദനചെലവ്, സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള പാലിന്റെ സംഭരണ-വില്പന വിലകൾ, ഉപഭോക്തൃ വില്പന വിലയും വിപണിയിലെ മത്സരവും തുടങ്ങി വിവിധ കാര്യങ്ങൾ പരിഗണിച്ചതിനു ശേഷമാണ് മിൽമയുടെ |

ഭരണസമിതി കാലാകാലങ്ങളിൽ പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത്. പാലിന്റെ സംഭരണ വില നിശ്ചയിക്കുമ്പോൾ കർഷകർക്ക് ഏറ്റവും പ്രയോജനപ്പെടുന്ന രീതിയിലാണ് ഫെഡറേഷന്റെ ഭരണസമിതി തീരുമാനം കൈക്കൊള്ളുന്നത്.

(ഡി) മിൽമ കർഷകർക്ക് വില നൽകുന്ന ചാർട്ട് പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) മിൽമയുടെ ഭരണസമിതി അംഗീകരിച്ചതും ശാസ്ത്രീയമായി തയ്യാറാക്കിയതുമായ പാൽ വില ചാർട്ട് ആണ് ഇപ്പോൾ നിലവിലുള്ളത് . പാലിലടങ്ങിയിരിക്കുന്ന കൊഴുപ്പിന്റെയും കൊഴുപ്പിതര ഖരപദാർത്ഥങ്ങളുടെയും തോതിന് അനുസൃതമായാണ് ചാർട്ടിൽ വില നിശ്ചയിച്ചിരിക്കുന്നത്. ഇപ്രകാരം ശാസ്ത്രീയമായി തയ്യാറാക്കിയിരിക്കുന്ന പാൽ വില ചാർട്ടിൽ മാറ്റങ്ങൾ വരുത്തിയാൽ ഗുണനിലവാരം കുറഞ്ഞ പാൽ സംഘങ്ങൾ സംഭരിയ്ക്കുവാൻ നിർബന്ധിതരാകും. ഇത് മൊത്തത്തിലുള്ള ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കും.

(ഇ) ക്ഷീര സഹകരണ സംഘങ്ങളെ സേവന മേഖലയായി കണക്കാക്കി സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ?

മിൽമയുടെ മേഖലാ യൂണിയനുകൾ അവയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആനന്ദ് മാതൃകാ ക്ഷീരസംഘങ്ങൾക്ക് പ്രവർത്തന ലാഭത്തിൽ നിന്നും ഗ്രാന്റായും സബ്സിഡിയായും സാമ്പത്തിക സഹായങ്ങൾ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.